**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3525** **11.12.2018-ൽ മറുപടിയ്ക്ക്**

**<u>സോയിൽ സർവ്വെ ആൻഡ് കൺസർവേഷൻ ഡിപ്പാർട്ട്മെന്റ്</u>**

| **<u>ചോദ്യം</u>**<br>ശ്രീ. കെ.സി.ജോസഫ് : | **<u>മറുപടി</u>**<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) സോയിൽ സർവ്വെ ആൻഡ് സോയിൽ കൺസർവേഷൻ വകുപ്പിന്റെ പ്രവർത്തനം വിലയിരുത്താമോ; | (എ) മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അമൂല്യങ്ങളായ പ്രകൃതി വിഭവങ്ങളുടെ ശാസ്ത്രീയമായ വിവരശേഖരണം നടത്തുകയും മണ്ണിന്റെ ഘടന, രാസ ഭൗതിക സ്വഭാവങ്ങൾ, കഴിവുകൾ, പരിമിതികൾ എന്നിവ കൃത്യമായി അപഗ്രഥിച്ച് അതിന്റെ അടിസ്ഥാനത്തിൽ ആ പ്രദേശത്തിന്റെ സുസ്ഥിര വികസനത്തിനായുള്ള വികസന പദ്ധതികളും, വിവിധ മണ്ണ് ജലസംരക്ഷണ പദ്ധതികളും ശാസ്ത്രീയമായി നടപ്പിലാക്കുക എന്ന പ്രധാന ലക്ഷ്യത്തോടെയാണ് മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് പ്രവർത്തിക്കുന്നത്. നീർത്തടാടിസ്ഥാനത്തിൽ ഉള്ള വികസന പ്രവർത്തനങ്ങൾക്കും മണ്ണിന്റെ ആരോഗ്യ പരിപാലനത്തിനും ഭൂവിഭവ സമാഹരണത്തിനും ഊന്നൽ നൽകിയാണ് ഈ വകുപ്പ് പ്രവർത്തിക്കുന്നത്. മണ്ണ് പര്യവേഷണ പ്രവർത്തനങ്ങൾക്കായി മണ്ണ് പര്യവേഷണ (സോയിൽ സർവ്വേ) വിഭാഗവും മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി മണ്ണ് സംരക്ഷണ(സോയിൽ കൺസർവേഷൻ) വിഭാഗവും പ്രവർത്തിക്കുന്നു. ജില്ലാതല ആസൂത്രണത്തിന് ആവശ്യമായ അടിസ്ഥാന വിവരങ്ങൾ നൽകുന്ന മണ്ണ് പര്യവേഷണം, മണ്ണിന്റെ രാസപരിശോധന നടത്തുന്ന ലാബുകൾ എന്നിവ മണ്ണ് പര്യവേഷണ വിഭാഗത്തിന്റെ പ്രവർത്തനങ്ങളാണ്. നബാർഡ് ധനസഹായത്തോട്ട |

കൂടിയുള്ള ആർ.ഐ.ഡി.എഫ്-ലൂടെ കാർഷിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും, ഉരുൾപൊട്ടൽ ബാധിതപ്രദേശങ്ങളുടെ സംരക്ഷണത്തിനും, ശുദ്ധജലസംഭരണികളുടെ വൃഷ്ടി പ്രദേശത്തിന്റെ സംരക്ഷണത്തിനും, കുളങ്ങളുടെ പുനരുദ്ധാരണത്തിനുമായുള്ള വിവിധ പദ്ധതികൾ മണ്ണ സംരക്ഷണ വിഭാഗം നടപ്പിലാക്കുന്നു. ഇതിനു പുറമെ പ്രകൃതി വിഭവ പരിപാലനം, മണ്ണ് ജല സംരക്ഷണം, നീർത്തടവികസനം എന്നീ വിഷയങ്ങളിൽ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

| | |
|---|---|
| (ബി) പ്രളയത്തിന് ശേഷം മണ്ണിന്റെ പോഷക മൂലകങ്ങളിൽ എന്തെങ്കിലും മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ ; | (ബി) ഉണ്ട്. മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ, മണ്ണ് പര്യവേഷണ വിഭാഗം നടത്തിയ പഠനങ്ങളിൽ മണ്ണിൽ അമ്ലാംശം വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ അമ്ലത നേരിയ തോതിൽ കുറഞ്ഞതായി കണ്ടെത്തി. മണ്ണൊലിപ്പുണ്ടായ മേഖലകളിൽ പല സ്ഥലങ്ങളിലും മണ്ണിന്റെ പോഷക മൂലകങ്ങൾ നശിച്ചതായി കണ്ടെത്തിയിട്ടുണ്ട്. പാലക്കാട്, തൃശ്ശൂർ,എറണാകുളം, കോട്ടയം എന്നീ ജില്ലകളിൽ പൊട്ടാസ്യത്തിന്റെ കുറവ് കണ്ടെത്തിയിട്ടുണ്ട്. |
| (സി) പ്രളയത്തിന് ശേഷം മണ്ണിന്റെ പോഷക മൂലകങ്ങളിൽ ഉണ്ടായ മാറ്റം സംബന്ധിച്ച എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? ; | (സി) കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവി സമർപ്പിച്ച റിപ്പോർട്ടിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിനു ശേഷം പൊതുവെ മണ്ണിന്റെ അമ്ലരസം വർദ്ധിച്ചതായി കാണപ്പെടുന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽമണ്ണ് ഒലിച്ച പോയ മലയോരമേഖലകളിലെയും കുന്നിൻപ്രദേശങ്ങളിലെയും |

മണ്ണിൽ നിന്ന് മേൽമണ്ണിനോടൊപ്പം പോഷകമൂലകങ്ങൾ ധാരാളമായി നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജൈവാംശവും ഒപ്പം തന്നെ മൂലകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, കാൽസ്യം, മഗ്നീഷ്യം, സൾഫർ, ബോറോൺ തുടങ്ങിയവയും നഷ്ടപ്പെട്ടിട്ടുണ്ട്. പുഴയോട് ചേർന്നു കിടക്കുന്ന തീരങ്ങളിലെ പാടങ്ങളിൽ ഉൾപ്പെടെ വലിയ തോതിൽ മണൽ അടിഞ്ഞു കൂടിയിട്ടുണ്ട്. കൂടാതെ സമതല പ്രദേശങ്ങളിലും പുഴയോരപ്രദേശങ്ങളിലും നെൽ പാടങ്ങളിലും വലിയ തോതിൽ എക്കൽ അടിഞ്ഞു കൂടിയിട്ടുണ്ട്. ഈ എക്കൽ പോഷക മൂലകങ്ങളാൽ സമ്പുഷ്ടമാണെന്നും ഘനലോഹങ്ങളുടെയോ കീടനാശിനി അവശിഷ്ടങ്ങളുടേയോ സാന്നിദ്ധ്യം ഈ എക്കൽ പരിശോധനയിൽ കണ്ടില്ല എന്നും പ്രതിപാദിച്ചിട്ടുണ്ട്. എക്കലിന്റെ അമ്ലത്വം നിർവീര്യാവസ്ഥ യിലായതിനാൽ ഇത് അഭികാമ്യമായ നിലയാണെന്നും എന്നാൽ പൊട്ടാസ്യം, കാൽസ്യം, മഗ്നീഷ്യം, ബോറോൺ എന്നീ മൂലകങ്ങളുടെ അഭാവം ശ്രദ്ധിക്കേണ്ടതുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ